## അഡോനിസ്

ഡിസംബർ 25-ന് ജന്മദിനം ആചരിക്കുന്ന മറ്റൊരു ദൈവമാണ് അഡോനിസ്. 'എന്റെ നാഥൻ', 'എന്റെ പ്രിയപുത്രൻ' എന്നൊക്കെ അർത്ഥം കൽപ്പിക്കാവുന്ന മൂലവാക്കിൽ നിന്നാണ് അഡോനിസ്, ആദം എന്നീ പേരുകൾ ഉത്ഭവിച്ചത് എന്നനുമാനിക്കാം.

പുതിയ നിയമത്തിൽ 'രണ്ടാം ആദം' എന്നു വിശേഷിക്കപ്പെടുന്ന യേശുവിനെയും 'പ്രിയപുത്രൻ', 'എന്റെ നാഥൻ' എന്നിങ്ങനെ സംബോധന ചെയ്യുന്നുണ്ട്.

പ്രത്യേകപരിശീലനംനേടി മാത്രം അംഗത്വം ലഭിക്കുന്ന ആരാധക സമൂഹം മാത്രം പങ്കെടുക്കുന്ന രഹസ്യശുശ്രൂഷയാണ് അഡോനിസ് ആരാധനയുടെ പ്രത്യേകത. പുരാതനഈജിപ്റ്റ്, പേർഷ്യ, മെഡിറ്ററേനിയൻ പ്രദേശങ്ങളിൽ ഏറെക്കാലം അഡോനിസ് ആരാധന നിലനിന്നിരുന്നു. ജനനശേഷം പെട്ടെന്ന് മരിക്കുകയും പാതാളത്തിൽ പോകുകയും പുനർജീവിക്കുകയും ചെയ്യുന്ന ദൈവമാണ് അഡോനിസ്. വളരെ ആകാരഭംഗിയുള്ള നഗ്നശരീരം പ്രദർശിപ്പിക്കുന്നവയായിരുന്നു അഡോനിസിന്റെ പ്രതിമകൾ. അഡോനിസിന്റെ ആരാധകരിലേറെയും സ്ത്രീകളായിരുന്നുതാനും.

അഡോനിസിന്റെ മരണം ആചരിച്ചിരുന്നതും പ്രത്യേകരീതിയിലായിരുന്നു: മേൽക്കൂരയുടെ പരന്ന ഭാഗത്ത് 'അഡോനിസ് തോട്ടം' ഉണ്ടാക്കിയിട്ട് പെട്ടെന്നു മുളയ്ക്കുന്ന ധാന്യം വിതയ്ക്കുന്നു. മേൽക്കൂരയിലെ തോട്ടത്തിൽ കിളിർക്കുന്ന ധാന്യച്ചെടികൾക്ക് വെള്ളം ലഭിക്കാതെ രണ്ട്, മൂന്ന് ദിവസങ്ങൾക്കുള്ളിൽ അവ വാടിക്കരിയുന്നു. ഇത് അഡോനിസ് ദേവന്റെ ജനനത്തിന്റെയും പെട്ടെന്നുള്ള മരണത്തിന്റെയും പ്രതീകമായി സങ്കൽപ്പിച്ച് സ്ത്രീകൾ മാറത്തടിച്ച് അലമുറയിടുകയും കണ്ണീർ വാർക്കുകയും ചെയ്തിരുന്നു.

'അവൻ എന്നെ യഹോവയുടെ ആലയത്തിൽ വടക്കോട്ടുള്ള വാതിലിന്റെ പ്രവേശനത്തിൽ കൊണ്ടുപോയി. അവിടെ സ്ത്രീകൾ തമുസിനെക്കുറിച്ച് കരഞ്ഞു കൊണ്ടിരിക്കുന്നത് ഞാൻ കണ്ടു' (യെഹെസ്കേൽ 8:14-15). അഡോനിസിന്റെ ബാബിലോണിയൻ പതിപ്പാണ് തമുസ്. പുരാതനജാതികളിൽ യഹൂദർക്കു മാത്രമേ ഏകദൈവം ഉണ്ടായിരുന്നുള്ളു. മറ്റു ജാതികൾ ദൈവരൂപത്തിലുള്ള എന്തിനേയും എവിടെയും ആരാധിച്ചിരുന്നു. യഹോവ എന്ന ഏകദൈവത്തിന്റെ ആലയത്തിൽ യഹോവയെ കൂടാതെ മറ്റു പല ദൈവങ്ങളേയും ആരാധിച്ചിരുന്നു. ശലോമോൻ പോലും ദേവാലയത്തിൽ മറ്റു ദൈവങ്ങളെയും പ്രതിഷ്ഠിച്ചിരുന്നു. എല്ലാത്തിന്റെയും അധിപതിയായ താൻ ഒഴികെ മറ്റു ദൈവങ്ങൾ പാടില്ല എന്നായിരുന്നു യഹോവയുടെയും ശാസന. സാധാരണജനങ്ങൾക്ക് യഹോവയും മറ്റു ദൈവങ്ങളും തമ്മിൽ വ്യത്യാസമുണ്ടായിരുന്നില്ല. യഹോവയുടെ ആലയത്തെ ചുറ്റിപ്പറ്റി

കാലക്ഷേപം നടത്തിയിരുന്ന കുറെ പുരോഹിതരും പ്രവാചകരും മാത്രമാണ് യഹോവയെ മാത്രമായി ആരാധിച്ചിരുന്നത്.

മനുഷ്യവർഗ്ഗത്തിന്റെ തുടക്കം മുതലേ സ്ത്രീകളുടെ ജീവിതം ദുരിതമയമായിരുന്നു. ഒന്നാമനായ പുരുഷൻ (ആൽഫാ മെയിൽ) നിയന്ത്രിച്ചിരുന്ന, ചെറുതും വലുതുമായ, എല്ലാ സമൂഹത്തിലും സ്ത്രീകൾ അപഹസിക്കപ്പെടുകയും താണപടിയിലുള്ള ഉപഭോഗവസ്തുക്കൾ മാത്രമായി കണക്കാക്കപ്പെടുകയും ചെയ്തുപോന്നു. ആധുനികസമൂഹത്തിലും ഈ പ്രവണതയ്ക്കു പറയത്തക്ക മാറ്റങ്ങൾ വന്നിട്ടില്ല എന്നതാണ് സത്യം. അടിമത്തവും അപമാനവും അടിച്ചേൽപ്പിച്ച അപകർഷതയുമായി സ്ത്രീ സഹിച്ചും ക്ഷമിച്ചും ജീവിതം തുടരുന്നു. ഉള്ളിൽ നിറയുന്ന, വീർപ്പുമുട്ടിക്കുന്ന വികാരങ്ങളുടെ പെട്ടെന്നുള്ള പൊട്ടിത്തെറിയാണ് കണ്ണുനീരും മാറത്തടിയും. ഉള്ളിലെ അപകർഷതാബോധത്തെ പുറത്തേക്കു വിടുവാനുള്ള അവസരമാണ് അഡോനിസിന്റെ ആരാധന നല്കിയിരുന്നത്. സ്ത്രീകളുടെ പ്രിയപ്പെട്ട ദൈവമായി അഡോനിസ് മാറിയതിന്റെ കാരണവും ഇതുതന്നെ.

സ്ത്രീകളുടെ ഈ മനഃസ്ഥിതി മനസ്സിലാക്കിയിരുന്നതിനാലാണ് കഷ്ടപ്പാടുകൾ സഹിച്ചു മരിക്കുന്ന യേശുവിനെ ക്രിസ്തുമതം അഡോനിസിനു പകരം അവതരിപ്പിച്ചത്. മിക്കവാറും നഗ്നനായി തൂങ്ങിക്കിടക്കുന്ന യേശുവിന്റെ രക്തം വാർക്കുന്ന ശരീരം ('തൂങ്ങിക്കിടക്കുന്നവനോ എന്റെ ദൈവവും എന്റെ നാഥനും'), സമീപത്ത് കണ്ണുനീർ വാർക്കുന്ന വ്യാകുലമാതാവ്. കണ്ണുനീർ ഗ്രന്ഥികളെ ഉദ്ദീപിപ്പിക്കാൻ ഇതൊക്കെ ധാരാളം. ക്രിസ്തുമതത്തിന്റെ പ്രചാരത്തിന്റെ രഹസ്യങ്ങളിൽ ഒന്നാണിത്.

പുരുഷമേധാവിത്തം നിലനിന്നിരുന്ന എല്ലാ സമൂഹങ്ങളിലും (അല്ലാത്ത സമൂഹം ഇന്നുവരെ ഉണ്ടായിട്ടുമില്ല) എക്കാലവും കണ്ണുനീരും മാറത്തടിയുമായിരുന്നു സ്ത്രീക്കു വിധിച്ചിരുന്നത്. പുരുഷനേക്കാൾ കൂടുതൽ കരുണയും സഹാനുഭൂതിയും സ്ത്രീകൾക്കുള്ളതിനാൽ പുത്രനെ നോക്കി വിലപിക്കുന്ന വ്യാകുലമാതാവിനെ അവതരിപ്പിക്കുക വഴി ലഭിച്ച സഹതാപം സഭയെ വളർത്തുന്നതിൽ നിസ്സീമമായ പങ്ക് വഹിച്ചിട്ടുണ്ട്.

കാട്ടുപന്നിയുടെ കുത്തേറ്റാണ് അഡോനിസ് ദേവൻ മരിക്കുന്നത്. ലെബാനോനിലെ അഡോനിസ് നദി (ഇബ്രാഹിം നഹർ) തീരപ്രദേശത്ത് എത്തിയപ്പോൾ അഡോനിസിന്റെ രക്തം കൊണ്ട് ചുവപ്പു നിറമായി എന്നാണ് പുരാണം. ഈ ദേവനും പാതാളത്തിൽ പോകുകയും പിന്നീട് ഉയർത്തെഴുന്നേൽക്കുകയും ചെയ്തു എന്നാണ് ഐതിഹ്യം.

അഡോനിസ് ദേവനെയും അഡോനിസ് ആരാധനയെയും ക്രിസ്തുമതം അതേപടി അംഗീകരിച്ചു എന്ന് തെർത്തുല്യൻ, ജെറോം എന്നീ ആദിമ ക്രിസ്തീയപിതാക്കന്മാരും സമ്മതിക്കുന്നു.